(സി) മിഡിൽസ്കൂൾ പണ്ഡിറ്റുകളെ ഏതു വ്യവസ്ഥയനുസരിച്ചാണ് ഹൈസ്കൂൾ പണ്ഡിറ്റുമാരായി പ്രമോട്ട് ചെയ്യുന്നത്;

(ഡി) ആലാ ഹൈസ്കൂളിലെ പട്ടികജാതിക്കാരനായ മലയാളം പണ്ഡിറ്റിനു് ആകെ എത്ര കൊല്ലത്തെ സർവ്വീസുണ്ടു്;

(ഇ) ടി മലയാളം പണ്ഡിറ്റിനു്, ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുകയാണെങ്കിലും മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കുള്ള ശമ്പളസ്കെയിൽമാത്രം നൽകുന്നതിനുള്ള കാരണമെന്തു്;

(എഫ്) ആകെയുള്ള സർവ്വീസനുസരിച്ചു മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കു പ്രമോഷൻ നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ പട്ടികജാതിക്കാരായ എത്ര ഹൈസ്കൂൾ പണ്ഡിറ്റുകളും എത്ര മിഡിൽസ്കൂൾ പണ്ഡിറ്റുകളും ഉണ്ടെന്നു് കുറെക്കൂടി സമയം കിട്ടാതെ വിവരങ്ങൾ ശേഖരിക്കാൻ സാദ്ധ്യമല്ല.

(ബി) ഹൈസ്കൂൾ പണ്ഡിറ്റുമാർക്കു് 55 മുതൽ 150 രൂപ സ്കെയിലും, മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കു് 35 മുതൽ 80 രൂപവരെ സ്കെയിലും ആണു് ഇപ്പോൾ നിലവിലിരിക്കുന്നതു്.

(സി) സീനിയോറിറ്റി, പരീക്ഷായോഗ്യത ഇവ അനുസരിച്ചാണു പ്രമോഷൻ കൊടുക്കുന്നതു്.

(ഡി, ഇ, എഫ്) വിവരങ്ങൾ ശേഖരിക്കാൻ സമയം മതിയായിട്ടില്ല.

കുളമട്ടോരി പോളിടെക്നിക്കിലെ വിദ്യാർത്ഥികൾ.

* 86. [38] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കുളമട്ടോരി പോളിടെക്നിക്കൽ വിദ്യാലയത്തിൽ എത്ര വിദ്യാർത്ഥികൾ നാളിതുവരെ പാസ്സായിട്ടുണ്ടു്;

(ബി) പാസ്സായ എത്ര വിദ്യാർത്ഥികൾക്കു് ജോലി കിട്ടിയിട്ടുണ്ടു്;

(സി) സ്റ്റേറിനുള്ളിൽ ജോലി നോക്കുന്നവരെത്ര; സ്റ്റേറിനു വെളിയിൽ ജോലിനോക്കുന്നവരെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കുളമട്ടോരി പോളിടെക്നിക്കൽ വിദ്യാലയത്തിൽ നിന്നും 176 വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനു കിട്ടിയ വിവരങ്ങൾവച്ചുനോക്കുകയാണെങ്കിൽ ഇവരിൽ 27 പേർക്കുമാത്രമേ ജോലി കിട്ടിയിട്ടുള്ളു.

(സി) അവരിൽ 6 പേർ സ്റ്റേറിനുള്ളിലും 21 പേർ സ്റ്റേറിനു വെളിയിലും ജോലി നോക്കുന്നതായിട്ടാണു കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഹർമിസ്: ഈ വിദ്യാലയങ്ങളിൽ പാസ്സായ വിദ്യാർത്ഥികൾക്ക് ജോലിചെയ്യാൻ സാധിക്കാത്ത സ്ഥിതിക്ക് എന്തിനു വേണ്ടിയാണ് ഈ വിദ്യാലയം തുടർന്നു നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന് യൂണിവേഴ്സിറ്റിയോടു ഈവിടത്തെ പാഠപദ്ധതിയിൽ ഇവിടത്തെ എംപ്ലോയിമെന്റ് സ്ഥിതിക്കനുസരിച്ചു സ്വല്പം വ്യത്യാസം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. പി. ഹർമിസ്: അങ്ങനെ വ്യത്യാസംവരുത്തിയാൽത്തന്നെ പഠിച്ചു പാസ്സായകുട്ടികളുടെ കാര്യത്തിൽ അതു സഹായകരമായിരിക്കുമെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു തോന്നുന്നില്ല.

ശ്രീ. കെ. പി. ഹർമിസ്: ഇപ്പോൾ പാസ്സായ ഈ കുട്ടികൾക്ക് ജോലിചെയ്യാൻ സാധിക്കാതിരിക്കെ കൂടുതൽ സാങ്കേതിക വിദ്യാലയങ്ങൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ആരംഭിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതു് എന്തിനാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വിദ്യാലയത്തിൽ പാസ്സായകുട്ടികൾക്ക് ജോലികിട്ടിയില്ലാ എന്നുവച്ചു കൂടുതൽ വിദ്യാലയങ്ങൾ ആവശ്യമില്ലായെന്നുപറയാൻ സാദ്ധ്യമല്ല. പ്ലാനിംഗ് കമ്മിഷനിൽനിന്നും കിട്ടിയിട്ടുള്ള ഉപദേശമനുസരിച്ചു വളരെ അധികം സാങ്കേതിക വിദ്യാലയങ്ങൾ നമ്മുടെ രാജ്യത്തു ആവശ്യമുണ്ട്.

ശ്രീ. കെ. പി. ഹർമിസ്: ഏതുവിധത്തിലുള്ള എഡ്യൂക്കേഷനാണ് നമുക്കു ആവശ്യമെന്നുനോക്കാതെ വിദ്യാലയങ്ങൾ ആരംഭിക്കുന്നതു ദോഷകരമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതുവിധത്തിലുള്ള എഡ്യൂക്കേഷനാണു വേണ്ടതെന്നുനോക്കാതെ പഠനപരിപാടി സ്വീകരിക്കുന്നതു ദോഷമാണ്.

ശ്രീ. കെ. പി. ഹർമിസ്: അവർക്കു കിട്ടിയിരിക്കുന്ന അറിവുവച്ചുകൊണ്ടു് അവർക്കെന്തെങ്കിലും ജോലി ലഭിക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെന്റ് ആസൂത്രണം ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ തൊഴിലില്ലായ്മ നൂറോ നൂറിൽചിലപേർക്കോ മാത്രമല്ല. നമ്മുടെ രാജ്യത്തെ വിദ്യാലയങ്ങളിൽനിന്നും പാസ്സായിവന്നിട്ടുള്ള ആളുകൾക്കുള്ള ഒരു വിഷമമാണ് ഇതു്.

ശ്രീ. കെ. പി. ഹർമിസ്: ഇപ്പോഴത്തെ പാഠപദ്ധതികൊണ്ടു് ഇവർക്കു ജോലി കിട്ടുന്നില്ലാത്തതിനാൽ മറ്റു ക്ലാസുകൾ ജോലികിട്ടുന്നതിനു എന്തെങ്കിലും സൗകര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് ഗവണ്മെന്റ് നിശ്ചയിച്ച പാഠപദ്ധതിയല്ല. യൂണിവേഴ്സിറ്റി നിശ്ചയിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. A. D. LUIZ : Has the Government at any time given any sort of assurance that the students passing out of this Poly-technical school will be entertained in service ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അഷ്വറൻസ് കൊടുത്തതായി അറിവില്ല.

SHRI A. A. D. LUIZ : Would it be possible to give a direction to the Employment Exchange to give these boys priority in the matter of recruitment ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എംപ്ലോയ്മെന്റ് എക്സ്ചേയിഞ്ചിൽ ആവക്ക് രജിസ്റ്റർ ചെയ്യുന്നതിന് വിഷമമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ആവക് സർട്ടിഫിക്കറാണോ ഡിപ്ലോമാ ആണോ കൊടുക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിപ്ലോമാ ആണ് കൊടുക്കുന്നത്.

ശ്രീ. ടി. ഒ. ബാവാ : ഡവണ്ണൻറ വർക്ഷാപ്പുകളിലും ഫാക്ടറികളിലും സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കു മുൻഗണന കൊടുക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻ നായർ : ഫിഷറീസ് സംബന്ധമായ പരീക്ഷ പാസ്സായ വിദ്യാർത്ഥികളെ ഫിഷറീസ് ഡിപ്പാർട്ടമെന്റിൽ നിയമിക്കുന്നില്ല എന്നു പരാതി ഉണ്ടായിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

Provident Fund.

* 87. [39] SHRI T. T. DANIEL : Will the Minister for Education be pleased to state :

(a) is there any provident fund scheme for the teachers in the Colachel E. H. School ; and

(b) what steps the Government has taken to enforce such a scheme in this school ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) The Travancore Licensed Teachers' Provident Fund is in force in Colachel English High School.

(b) Does not arise in view of the answer to part (a).

SHRI T. T. DANIEL : May I know whether that scheme is working properly there ?

LIBRARY ARCHIVES Kerala Legislative Assembly